# മുകുളങ്ങൾ



# ആമുഖം

നിമിഷ മാത്രകൊണ്ട് സാങ്കേതികതയിലൂടെ നാം പുരോഗതിയിലേക്ക് കുതിക്കുമ്പോൾ അറിവിന്റെ പുതിയ വാതായനങ്ങൾ നമുക്ക് മുന്നിൽ തുറക്കപ്പെടുകയാണ്. എന്തിൽ നിന്നും ഏതിൽ നിന്നും പുതിയ പാഠങ്ങൾ ഉൾകൊള്ളേണ്ട വിദ്യാർത്ഥികളായ നമുക്ക് വിവര സാങ്കേതിക വിദ്യയുടെ ഈ വിപ്ലവത്തിൽ നിന്നും വിട്ടുനിൽക്കാനാവില്ല.

വിദ്യാർത്ഥികളുടെ ചിന്തകളും ഓർമകളുമെല്ലാം വാക്കുകളും വരികളുമായി മാറുമ്പോൾ പുസ്തകത്താളുകൾക്ക് പകരം ഡിജിറ്റൽ പേജുകളിൽ അവയെ ആലേഖനം ചെയ്യാനുള്ള ഒരു ശ്രമമാണിവിടെ...........

സർഗാത്മകതയുടെ മുകുളങ്ങൾ ഉണരട്ടെ........

# സന്ദേശം

എല്ലാം ഡിജിറ്റലാകുന്ന ഈ കാലത്ത് ഡിജിറ്റൽ മാഗസിൻ വളരെയറെ പ്രസക്തമാണ്. ഇത്തരം വെല്ലുവിളികൾ ഏറ്റെടുക്കുന്നതിലൂടെ കുട്ടികളുടെ സാഹിത്യാഭിരുചിയും സാങ്കേതിക മികവും ഒരുപോലെ ഉയരങ്ങളിലെത്തട്ടെ.


ഈ മഹത്തായ ഉദ്യമം വിജയിപ്പിക്കാൻ പ്രയത്നിച്ച എല്ലാവർക്കും ആശംസകൾ

റംലത്ത് കെ.കെ

പ്രധാനാധ്യാപിക

# ഉള്ളടക്കം


- ഇന്ത്യ നമ്മുടെ രാജ്യം 1
- കവിത -  അമ്മ 2
- കഥ – വനം കൊള്ളക്കാരുടെ ചതി 3
- ഗാനം - നമ്മുടെ കൊടി 4
- ചിത്രം 5
- കവിത -  എന്റെ ഗ്രാമം 6
- കഥ – നന്മയുള്ള നായ 7
- പഴം ചൊല്ലുകൾ 8
- ചിത്രം 10
- ഉറുദു കവിത 11
- കഥ – വെളിച്ചം പകർന്നവർ 12
- ചിത്രം 13
- കവിത – മലയാള നാടേ ജയിച്ചാലും 14
- നന്ദി 15


ഇന്ത്യ നമ്മുടെ
രാജ്യം
FATHIMATH NISHMA

**കവിത**

ഫാത്തിമ സുമയ്യ (VI A)

(2019 സബ് ജില്ല ഫസ്റ്റ്)

# അമ്മ

അമ്മിഞ്ഞ പാലിൽ മധുരം
നുകരാൻ ഇന്നെൻ അമ്മയെവിടെയോ
അമ്മയില്ലാത്ത ജീവിതം
എനിക്കിന്നു വേണ്ടേ വേണ്ട
എന്നെ തനിച്ചാക്കി എന്നമ്മയും പോയ്
ആരുമില്ലാതെ ഞാനും തനിച്ചിയ്
ജീവിതമേ എന്റെ വഴി കാട്ടി-
ഇന്നെവിടെ
കുഞ്ഞിക്കൈകളാൽ സ്നേഹം
തന്നെന്നമ്മേ മരത്തിൻ വാക്കിൽ
പിടഞ്ഞനാളിൽ എൻ ശബ്ദമേ-
നിലച്ചു പോയ്
വാനിലെ നക്ഷത്രമായെന്നമ്മെ
ആരാരും കാണാത്ത ലോകത്തേക്ക് യാത്രയായ്
ആരോടും പറയാതെ എന്നെ എടുക്കാതെ
എന്നെ തനിച്ചാക്കി എങ്ങോപോയി
പൊന്നേ എന്ന വിളിയും നിലച്ചു
എന്തിനീ വാശി അന്ധയായനിക്കിനി
അമ്മയില്ലാതാര്

കഥ

മുഹമ്മദ് ആരിഫുദ്ദീൻ (VI C)

# വനം കൊള്ളക്കാരുടെ ചതി

കാർഗോൺ എന്ന മലകുമുകളിലെ ഒരു കുന്നിൻ പ്രദേശമാണ് ബോർഗൺ ഇവിടുത്ത ജനങ്ങൾ പരസ്പരം പങ്കുചേർന്ന് ഒറ്റകെട്ടായി ജീവിക്കുന്നവരാ യിരുന്നു ബോർഗൺ ഗ്രാമത്തിന്റെ ഭംഗിയും ആളുകളുടെ ജീവിത രീതിയും കണ്ട് പലരും ഇവിടെ താമസത്തിനായി എത്തിയിരുന്നു. ബോർഗൺ ഗ്രാമത്തിൽ പല വിലപിടിപ്പുള്ള മരങ്ങളും മറ്റു ഔഷധ സസ്യങ്ങളും ഉണ്ടായിരുന്നു. അതിനാൽ വനം കൊള്ളക്കാർ ഇതു കടത്തികൊണ്ടുപോക്കാൻ ആഗ്രഹിച്ചു. പക്ഷേ അവർക്കത് സാധ്യമാതിരുന്നില്ല. കരണം അവിടുത്തെ ജനങ്ങൾ ഒറ്റക്കെട്ടായി അവരെ ആക്രമിച്ചാൽ അവർക്ക് ചെർത്ത് നിൽക്കാൻ കഴിയില്ല. അപ്പോഴാണ് ഒരു വനം കൊള്ളക്കാരന്റെ മനസ്സിൽ ഒരു ആശയം ഉദിച്ചത് . അവർ വേശം മാറി ബോർഗൺ ഗ്രാമത്തിൽ താമസിക്കാൻ എത്തി. അവർ അവർക്കിടയിൽ പലപ്രശ്നങ്ങൾ മതത്തിന്റെ പേരിലും മറ്റുകാര്യത്തിലും നിരന്തരം ഉണ്ടാക്കി അവരെ ചിന്നഭിന്നമാക്കി. ഇന്നലെ സ്നേഹിച്ചിരുന്നവർ ഇന്ന് വെറുക്കുന്നവരായി അവർ മാറ്റി. ബോർഗണിലെ ആളുകൾ കലാപങ്ങൾ സ്യഷ്ടിച്ചു ഈ സമയം വനം കൊള്ളക്കാർ ഒരോതടികളും മുറിച്ചു കടത്തികൊണ്ടായിരുന്നു. കുറച്ചു ദിവസത്തിനു ശേഷം ബോർഗണിന്റെ അവസ്ഥ കണ്ടപ്പോൾ അവർ പറ്റിക്കപ്പെട്ടതാണന്ന് അവർക്കു മനസ്സിലായി. അവർ ഒന്നിച്ചു ചേർന്ന് അവരെ അക്രമിച്ചു. അവരെല്ലാം വിരണ്ടോടി. പക്ഷേ അപ്പോയേക്കും ബോർഗൺ ഗ്രാമം തരിശു ഭൂമിയായിരുന്നു. അവരെല്ലാം ഒറ്റക്കെട്ടായി മരങ്ങൾ നട്ട് ബോർഗണിനെ വീണ്ടുംപച്ചപ്പ് നിറഞ്ഞതാക്കി മാറ്റി.

**കവിത**

അശ്വനി .പി (VI B)

# നമ്മുടെ കൊടി

നമ്മുടെ  പൊൻകൊടി  പാറുന്നു
ഉയരെ ഉയരെ ഉയരെ!
മൂന്നിറമെഴുമൊഴു കിളി പോലെ
ഉയരെ ഉയരെ ഉയരെ!

ചുണതൻ കുങ്കുമ നിറവും
വിശുദ്ധിതന്റെ വെളുപ്പും
ആശകൾ തൻ നറുപച്ചയുമാർന്നോ-
രി കൊടി ഉയരട്ടെ!

അതിനു മാനം നൽകാം
ഇതിനെ സ്നേഹിക്കാം
ഇതിന്റെ തണലിൽ നിരന്നു നമുക്കീ-
നാടിനെ സ്നേഹിക്കാം.



കവിത

ഫാത്തിമ നിഷ്മ. പി (VI B)

# എന്റെ ഗ്രാമം

*എന്റെ മനോഹരമായ ഗ്രാമം*
*തുള്ളികളിക്കുന്ന കുട്ടികളും പാട്ടുപാടി-*
*പറക്കുന്ന പക്ഷികളും*
*എന്തു മനോഹരമാണെന്റെ ഗ്രാമം*

*ചിൽ,ചിൽ പാടി  ഒഴുകുന്ന ആരറുകളും*
*നക്ഷത്രങ്ങളാൽ തിളങ്ങുന്ന ആകാശവും*
*എന്തു മനോഹരമാണെന്റെ ഗ്രാമം*
*പൂക്കളാൽ മനോഹരമാണെന്റെ ഗ്രാമം*

കഥ

അനുഷ്ക ബാബു.പി (VI C)

# നന്മയുള്ള നായ

ഒരിടത്ത് ഒരു നല്ലവനായ നായ ഉണ്ടായിരുന്നു. ആ നായയുടെ പേര് ട്ടോമിയെന്നാണ്. ആ ടോമിക്ക് കേൾ വിശക്തിയില്ല. ഒരു ദിവസം ഈ ടോമി അങ്ങാടിയിൽ അല ഞ്ഞുനടക്കുകയായിരുന്നു അങ്ങനെ നടന്നു നടന്ന് ഈ ടോമിഎന്ന നായ ഒരു കൊട്ടാരത്തിന്റെ അടുക്കൽ എത്തി.അപ്പോൾ ആ കൊട്ടാരത്തിലെ റാണിപന്ത് തട്ടി കളിക്കുകയായിരുന്നു.ആ റാണിയുടെ പേര് " സത്യ -റാണി" എന്നാണ്.ആ റാണിയുടെ ഇഷ്ട കായികമാണ് പന്ത് തട്ടി കളിക്കുന്നത്. സത്യ റാണിയുടെ കൂടെ കളിക്കാൻ ആരും വേണ്ട.സത്യ റാണിക്ക് ഒറ്റക്ക് കളിക്കുന്നതാണ് ഇഷ്ടം. ഒരു ദിവസം സത്യറാണി പന്തു തട്ടികളിക്കുകയായിരുന്നു. അപ്പോൾ ആ പന്ത് ഒരു വഴിയിലൂടെ ഉരുണ്ട് പോയി. അതു സത്യറാണിയുടെ മനസ്സ് വേദനിപ്പിച്ചു. അപ്പോഴാണ് നമ്മുടെ നല്ലവനായ ടോമി അതുവഴി വന്നത്. അപ്പോൾ സത്യ റാണി വിഷമിച്ച് കരഞ്ഞു ഇരിക്കുന്നത് ഈ നല്ലവനായ ടോമി കണ്ടു . അപ്പോൾ നമ്മുടെ നല്ലവനായ ടോമിക്ക് തോണി ആ പന്ത് സത്യ റാണിയുടെതാണെന്ന്. അപ്പോൾ ആ ടോമി ചെന്ന് ആ പന്ത് കടിച്ചു കൊണ്ട് വന്ന് റാണിയുടെ മുൻമ്പിൽ കൊടുന്നിട്ടു. അതു റാണി കണ്ടു . ആ റാണിക്ക് മനസിൽ ആയി ഇത് ഈ നല്ലവൻനായ ടോമി എന്റെ വിഷമം കണ്ട് കോടുന്നതന്നതാണ്. എന്നിട്ട് റാണി നമ്മുടെ നല്ലവനായ നായെ എടുത്ത് കറെ മുത്തംനൽകി .അപ്പോൾ നായക്ക് സന്തോഷമായി. നമ്മുടെ നല്ല റാണി ആനായയെ കോട്ടാരത്തിലേക്ക് കൊണ്ട് പോയി അവിടെ വളർത്തി ഭക്ഷണവും ഒക്കെ കൊടുത്തു റാണിക് നല്ലവൻനായ നായയെയും കിട്ടി. ഇതു റാണിയുടെ മനസ്സിനെ ഏറെ സന്തോഷിപ്പിച്ച

# പഴഞ്ചൊല്ലുകൾ

1. ഏറെ ചിരിച്ചാൽ ഊറിക്കരയും
2. ഒത്തിരുന്നാൽ പത്തുബലം
3. ലുബ്ധതിരട്ടി ചെലവ്
4. വല്ലബന് പുല്ലമായുധം
5. വടി കൊടുത്ത് അടി വാങ്ങുക
6. മൂർഖൻ പാമ്പിനെ നോവിച്ച് വിടരുത്
7. ഉള്ളകഞ്ഞിയിലും പാറ്റ വീണു
8. എണ്ണിച്ചുട്ട അപ്പം പോലെ
9. അത്തം ഞാറ്റുവേലയിൽ അകലെ കൊണ്ടു പിടിച്ച് നട്ടാൽ മതി
10. ഇടതു കാൽ വെച്ചു കയറരുത്
11. ഇംഗിതം അറിയാത്തവൾ സംഗീതം അറിഞ്ഞിട്ടെന്തു കാര്യം
12. ആരായാലും അമ്പട്ടന്റെ മുന്നിൽ തല കുനിക്കും
13. ഇണങ്ങിയാൽ നക്കിക്കൊല്ലും പിണങ്ങിയാൽ കുത്തിക്കൊല്ലും
14. അന്യന്റെ വവയറ്റിലെ അമേദ്യം കണ്ട് പട്ടിയെ വളർത്തരുത്
15. ഉണ്ടവനോട് ഉരുള വാങ്ങാവു
16. അപ്പം തിന്നാൽ പോരേ കുഴിയെണ്ണണോ?
17. ആട് താടി വളർത്തിയിട്ട് അപ്പട്ടനെന്തു കാര്യം
18. ഉണ്ണിയെ കണ്ടാലറിയാ ഊരിലെ പഞ്ഞം
19. ഈശ്വരാനുഗ്രഹം ശാശ്വതമേവനം
20. ഉണ്ണിമൂത്രം പുണ്യാഹം
21. തനിയെ ഉഴുന്ന പന്നിക്ക് കലപ്പ വെയ്ക്കുക
22. ഓരാദ്യം നല്ല കൺമഷി
23. തോട്ടം തോറും വാഴദേഷം തോറും ഭാഷ

24.അങ്ങേതിലെ ഒരില ചോറും കളയരുത്

25.താൻ പാതി ദൈവം പാതി

26.തന്മേൽ കായ്ച്ചാലെ തൻ ചോട്ടിൽ വീഴൂ

27.എള്ള് ഉണങ്ങ്തെണ്ണയ്ക്ക് കുറുഞ്ചാത്തുറങ്ങുന്നതെന്തിന്

28.ചെമ്മാനം കണ്ടാൽ മഴയില്ലെങ്കിൽ ആക്കൊല്ലം മഴയില്ല

29.ചക്കരക്കുടത്തിൽ കൈയിട്ടാൽ നക്കാത്തവരുണ്ടോ

30.കൂട്ടിലിട്ട കിളലിയെ പോലെ

31.കുരുടൻ നാട്ടിൽ കോങ്കണ്ണൻ രാജാവ്

32.കുട്ടിയമ്മ തുള്ളിയാൽ കൊട്ടിയമ്പലം വരെ

33.വമ്പന്ന കൊമ്പു വേണ്ട

34.ഒരപ്പം തിന്നാലും നെയ്യപ്പം തിന്നണം

35.നെയ്യപ്പം തിന്നാൽ രണ്ടുണ്ട് കാര്യം

36.കള്ളൻ കപ്പലിൽ തന്നെ

37.കപ്പൽ പോകും തുറകിടക്കും

38.തട്ടാൻ തൊട്ടാൽ എട്ടിലൊന്ന്

39.അങ്ങും ചോതി അടിയനും ചോതി

40.തിന്ന മണ്ണിടരുത്

41.കണ്ണുണ്ടായാൽ പോരാ കാണണം

42.കണ്ടതെല്ലാം കൊണ്ടാൽ കൊണ്ടതെല്ലാം കടം

43.അങ്ങാടിപ്പയ്യ് ആലയിൽ നിൽക്കില്ല

44.തോണി കടന്നാൽ തുഴ വേണ്ട

45.മുള യിലെ അരിയാം വിള


46.അഛൻ പത്തായത്തിലും കൂടിയില്ല

47.അണ മുറിഞ്ഞ വെള്ളം പോലെ

48.യഥാശക്തി മഹാബലം

49.അതിമോഹം ചക്രം ചവിട്ടും

50.മധുരത്തിൽ ഉത്തമം വായ്മധുരം


Fathimath Nishma P

## ഉറുദു കവിത

### ہندی ہیں ہم

سارے جہاں سے اچھا ہندوستاں ہمارا
ہم بلبلیں ہیں اس کی یہ گلستاں ہمارا
پربت وہ سب سے اونچا ہم سایہ آسماں کا
وہ سنتری ہمارا وہ پاسباں ہمارا
گودی میں کھیلتی ہیں اس کی ہزاروں ندیاں
گلشن ہے جن کے دم سے رشک جناں ہمارا
مذہب نہیں سکھاتا آپس میں بیر رکھنا
ہندی ہیں ہم وطن ہے ہندوستاں ہمارا

علامہ اقبال

കഥ

**അജിൻഷ ഇ.കെ (VII A)**

# വെളിച്ചം പകർന്നവർ

മഞ്ഞു പോലെ വെളുത്ത രണ്ട് ആട്ടിൻകുട്ടികൾ തള്ളയുടെ മുമ്പിലും പിമ്പിലുമായി മുട്ടിയുരുമ്മി നടന്നു. കുട്ടികൾ വഴിതെറ്റിപ്പോകുമേ എന്ന വേവലാതീ കൊണ്ട് തള്ള നടത്തത്തിനു വേഗം കുറച്ചു . ഇടയൽ അവലെ നിയെ നിയന്ത്രിച്ചുകൊണ്ട് പിന്നാലെ നടന്നു. ബിംബിസാര രാജാവിന്റെ യാഗാശാലയിലേക്കാണ് ആ യാത്ര. ബുദ്ധൻ ആടുകളുടെ അടുത്തെത്തി. പിന്നിൽ നടന്നിരുന്ന അട്ടിൻകുട്ടിക്ക് മുടന്ത് ഉണ്ടായിരുന്നു കുസൃതിക്കാരനായ ആട്ടിൻകുട്ടിയാണ് മുന്നിൽ നടന്നിരുന്നത്. ബുദ്ധൻ മുടന്തുള്ള ആട്ടിൻകുട്ടിയെ തൊളിലേറ്റി. കുസൃതിക്കാരനെ തന്നോടു ചേരന്നു നടത്തി. അത് അനുസരണയോടെ അദേഹത്തോടൊപ്പം നട്ന്നു. യാഗത്തിൽ ബലിയർപ്പിക്കാനുള്ള ആടുകളായിരുന്നു അവയെല്ലാം.

വര



**കവിത**

**വിനയ പി.വി (VI C)**

# മലയാളനാടെ ജയിച്ചാലും

മലയാളനാടെ, നിൻ മാറിലോരോ
മലർമാല ചാർത്തുന്ന മഞ്ജിമകൾ
വിജയിക്കു ഞങ്ങൾ പിറന്ന നാടെ
വിമശ്രി നിത്യം പുലർന്ന വീടെ
കരൾ കക്കും നിൻകളിത്തോപ്പിലെത്ര
കവികോകിലങ്ങൾ പറന്നു പാടീ
അവിരളോന്മാദം തരുന്നു ഞങ്ങൾ-
ക്കവർ പെയ്ത കാക്കളിത്തേന്മഴകൾ
പരശ്ശതം വർഷങ്ങൾക്കപ്പുറത്താ-
പരിചേലും തുഞ്ചൻപറമ്പിലെങ്ങോ
ഒരു തൈമരത്തിൽ തളിർത്തകൊമ്പ-
ത്തൊരു പച്ചതത്തമ്മ കുടുക്കുട്ടി
ഖിലവ്രദാന്ത പുരാണതത്ത്വ-
മവളാത്തമോദമെടുത്തു പാടി
അഴകുറ്റ ഗാനമേ നിന്റ മുൻമ്പിൽ
തൊഴുകൈപ്പൂമൊട്ടുമായ്
ഫലിതത്തിൽ തൈലം പകരുന്ന കുഞ്ചൻ.

## നന്ദി

അവസാന ക്ലിക്കിലൂടെ പേജ് ക്ലോസ് ചെയ്യുന്നതിനു മുമ്പ്....... വാക്കുകളിൽ ഒതുക്കി നിർത്താനാവാത്ത ഒരു വാക്ക്.......... നന്ദി....... സൃഷ്ടികൾ തന്ന് സഹകരിച്ചവർക്ക്........ ഈ ഡിജിറ്റൽ മാഗസിൻ പൂർണതയിലെത്തിക്കാൻ കൂട്ടുനിന്നവർക്ക്..........

സ്നേഹപൂർവം
മാഗസിൻ കമ്മറ്റി